# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3914 — 24.08.2017-ൽ മറുപടിക്ക്

## ഗോത്രബന്ധു പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള ഗോത്രബന്ധു പദ്ധതിയിലേയ്ക്ക് മെന്റർമാരെ - തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ? | എ) | വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4-ാം ക്ലാസുവരെ - പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരിൽ നിന്നും തിരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി"<br>സർക്കാർ ഉത്തരവ് (സാധാ) നംപർ 229/17/പജപവവിവ തീയതി 24/01/2017 പ്രകാരം മെന്റർ ടീച്ചർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.<br>വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മുഖ്യ പിന്നാക്ക ഗോത്രവർഗ്ഗം ഏതാണോ ആ വിഭാഗത്തിൽ നിന്നുമായിരിക്കണം തെരഞ്ഞെടുക്കേണ്ടത്. അത്തരത്തിൽ യോഗ്യരായവരെ ലഭ്യമല്ലെങ്കിൽ മറ്റു പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും പരിഗണിക്കുന്നതാണ്. → |

| | | | |
|---|---|---|---|
| | | | ടി.ടി.സി./ഡി.എഡ്. യോഗ്യതയുള്ളവരായിരിക്കണം ഇവരുടെ അഭാവത്തിൽ ഡി.എഡ്. കോഴ്സ് പൂർത്തിയാക്കിയവരെ പരിഗണിക്കാം. ഇവരും ഇല്ലാത്ത പക്ഷം എം.ജി.എൽ.സികളിൽ പ്രവർത്തന പരിചയമുള്ളവരെയും ബി.എഡ്. യോഗ്യതയുള്ളവരെയും പരിഗണിക്കാം. പിന്നോക്ക ഗോത്ര വിഭാഗങ്ങളിൽ നിന്നും പ്ലസ് ടു പാസ്സായവരെയും ഉൾപ്പെടുത്താവുന്നതാണ്.<br>ഗോത്രവർഗ്ഗ ഭാഷ സംസ്കാരം. ഗോത്രവർഗ്ഗ കലാരൂപങ്ങളിൽ പ്രാവീണ്യം എന്നിവ അധികയോഗ്യതയായി പരിഗണിക്കാവുന്നതാണ്.<br>സാക്ഷരതാ / സർവ്വേ ഇവയിലെ പരിചയം പരിഗണിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ